"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുറികൾ, കോൺഫറൻസ് ഹാളുകൾ എന്നിവയിൽ അംഗീകൃത വയോജന സംഘടനകളുടെ ബോധവൽക്കരണ സെമിനാറുകൾ, യോഗങ്ങൾ മുതലായവ നടത്തുന്നതിന് 25% വാടകയിളവ് നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2024/2022/LSGD തീയതി,തിരുവനന്തപുരം, 20-08-2022

പരാമർശം:-

1. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (2019-21) മുമ്പാകെ സീനിയർ സിറ്റിസൺസ് വയനാട് ജില്ലാ പ്രസിഡന്റ് ശ്രീ. കെ. വി മാത്യു സമർപ്പിച്ച ഹർജി.
2. പഞ്ചായത്ത് ഡയറക്ടറുടെ 24.09.2021-ലെ PAN/12084/2019-JB(DP) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുറികൾ, കോൺഫറൻസ് ഹാളുകൾ എന്നിവ അംഗീകൃത വയോജന സംഘടനകളുടെ ബോധവൽക്കരണ സെമിനാറുകൾ, യോഗങ്ങൾ എന്നിവ നടത്തുന്നതിന് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ലഭിച്ച ഹർജിയിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുറികൾ, കോൺഫറൻസ് ഹാളുകൾ എന്നിവ അംഗീകൃത വയോജന സംഘടനകളുടെ ബോധവൽക്കരണ സെമിനാറുകൾ, യോഗങ്ങൾ എന്നിവ നടത്തുന്നതിന് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് അനുവദിക്കുന്നത് അനുഭാവ പൂർവ്വം പരിഗണിക്കേണ്ട വിഷയമാണെന്നും 25 മുതൽ 50 ശതമാനം വരെ വാടകയിളവ് അനുവദിക്കാവുന്നതാണെന്നും എത്ര ശതമാനം എന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനും ഇപ്രകാരം ഇളവ് അനുവദിക്കുന്നത് കാരണം ഉണ്ടാകാവുന്ന ഹാളുകളുടെ ദുരുപയോഗം തടയുന്നതിനു വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾക്ക് സ്വീകരിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുറികൾ, കോൺഫറൻസ് ഹാളുകൾ എന്നിവയിൽ അംഗീകൃത വയോജന സംഘടനകളുടെ ബോധവൽക്കരണ സെമിനാറുകൾ, യോഗങ്ങൾ മുതലായവ നടത്തുന്നതിന് 25% വാടകയിളവ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇളവ്

PTO

അനുവദിക്കുന്നത് കാരണം ഉണ്ടാകാവുന്ന ഹാളുകളുടെ ദുരുപയോഗം തടയുന്നതിനു വേണ്ട നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/കരുതൽ ഫയൽ (LSGD-RC2/207/2022-LSGD)

ഉത്തരവിൻ പ്രകാരം
**Signed by Pradeesh M**
**Date: 20-08-2022 10:54:44**
സെക്ഷൻ ഓഫീസർ